# UNIVERSITY EMPLOYMENT INFORMATION AND GUIDANCE BUREAU

## MAHATMA GANDHI UNIVERSITY
## KOTTAYAM

# INFORMATION BULLETIN

## APRIL - 2024




CHIEF: Dr. RAJESH MANY
DEPUTY CHIEF(I/C): BIJU N

# ഉള്ളടക്കം


പേജ് 03–08 : തൊഴിൽ അവസരങ്ങൾ

പേജ് 09–11 : പൊതുവിജ്ഞാനം

പേജ് 11 : പ്രധാന ദിവസങ്ങൾ


യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ
ആൻഡ് ഗൈഡൻസ് ബ്യൂറോ
മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി , കോട്ടയം

# ✱തൊഴിൽ അവസരങ്ങൾ✱

## ✹ കാർഷിക സർവകലാശാല സ്കൂളിൽ 21 അധ്യാപകർ ✹

കാർഷിക സർവകലാശാലയുടെ വെള്ളാനിക്കര കെ.എ.യു. ഹൈസ്കൂളിലെ 21 ഒഴിവിൽ അപേക്ഷ ക്ഷണിച്ചു.

•മൂന്നു വർഷ കരാർ നിയമനം.

•ഹൈസ്കൂൾ/യുപി/നഴ്സറി/കെജി ടീച്ചർ, സ്കൂൾ അസിസ്റ്റൻറ് തസ്തികകളിലാണ് ഒഴിവ്.

➢**ഓൺലൈനായി ഏപ്രിൽ 5 വരെ അപേക്ഷിക്കാം.**

•**ഒഴിവുള്ള വിഭാഗങ്ങൾ:** മാത്തമാറ്റിക്സ്, ഫിസിക്കൽ സയൻസ്, നാച്ചറൽ സയൻസ്, സോഷ്യൽ സയൻസ്, ഇംഗ്ലിഷ്, മലയാളം, ഹിന്ദി, സ്കൂൾ അസിസ്റ്റൻ്റ് (ഫിസിക്കൽ എജ്യുക്കേഷൻ, ഡ്രോയിങ്, മ്യൂസിക്), നഴ്സറി സ്കൂൾ ടീച്ചർ.

**കാർഷിക സർവകലാശാലയുടെ തിരുവനന്തപുരം വെള്ളായണി റീജനൽ അഗ്രികൾചറൽ റിസർച് സ്റ്റേഷനിൽ ടെക്നിക്കൽ ഓഫിസറുടെ ഒരു ഒഴിവ്.**

•ഒരു വർഷ കരാർ നിയമനം.

➢**അഭിമുഖം ഏപ്രിൽ 1 നു 10 ന്.**

•**യോഗ്യത:** അഗ്രികൾചർ/ഹോർട്ടികൾചറിൽ ബിരുദം. 55% മാർക്കോടെ മെറ്റീരിയോളജിയിൽ എം.എസ്.സി. (അഗ്രികൾചർ), നെറ്റ്.

•**പ്രായം:** 40 ൽ താഴെ.

•**ശമ്പളം:** ₹44,100.

വിശദവിവരങ്ങൾ www.kau.in എന്ന വെബ് സൈറ്റിൽ ലഭിക്കും.

## കുഫോസ്

കൊച്ചിയിലെ കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയിൽ സ്വീപ്പർ കം ക്ലാസ് IV തസ്തികയിൽ ഒരു വർഷ താൽക്കാലിക നിയമനം.

•അഭിമുഖം ഏപ്രിൽ 5 നു രാവിലെ 10 ന്.

•**യോഗ്യത:** ഏഴാം ക്ലാസ് ജയം (എഴുതാനും വായിക്കാനും അറിയണം). •ബിരുദധാരികൾ അപേക്ഷിക്കേണ്ട.

•അസിസ്റ്റൻറ് സർജൻ/ജൂനിയർ കൺസൾട്ടൻറ് തസ്തികയിൽ കുറയാത്ത മെഡിക്കൽ ഓഫിസർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.

•**പ്രായം:** 18–50.

•**ശമ്പളം:** ₹18,225.

**കേരള ഫിഷറീസ് –സമുദ്രപഠന സർവകലാശാലയുടെ ഓഷ്യൻ ആൻഡ് ടെക്നോളജിയിലും ഫിഷറീസ് മാനേജ്മെൻറിലും വിവിധ വിഷയങ്ങളിലായി ഗെസ്റ്റ് ഫാക്കൽറ്റി ഒഴിവ്.**

•3വർഷ നിയമനം.

➢**അപേക്ഷ ഏപ്രിൽ 12 വരെ.**

•**ഒഴിവുള്ള വിഭാഗങ്ങൾ:** ബയോസ്റ്റാറ്റിസ്റ്റി ക്സ്, മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, റിമോട്ട് സെൻസിങ് ആൻഡ് ജി.ഐ.എസ്., ക്ലൈമറ്റ് സയൻസ്, കംപ്യൂട്ടർ പ്രോഗ്രാമിങ്, ഇംഗ്ലിഷ് ലാംഗ്വേജ്, ഫുഡ് സേഫ്റ്റി ആൻഡ് ക്വാളിറ്റി അഷ്വറൻസ്, എൻജിനീയറിങ് മാത്തമാറ്റിക്സ്, ഓഷ്യൻ എൻജിനീയറിങ്/കോസ്റ്റൽ ആൻഡ് ഹാർബർ എൻജിനീയറിങ്, എൻവയോൺമെന്റൽ സയൻസ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ്, ഫുഡ് ടെക്നോളജി, മെക്കാനിക്കൽ എൻജിനീയറിങ്, കംപ്യൂട്ടർ സയൻസ്, ഇല ക്ട്രോണിക്സ് ആൻഡ് ഇൻസ്ട്രുമെന്റേഷൻ, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനീയറിങ്, ജനറൽ മാനേജ്മെന്റ്, ക്രോപ് പ്രൊഡക്ഷൻ ടെക്നോളജി, ഇൻഫർമേഷൻ ആൻഡ് കമ്യൂണിക്കേഷൻ ടെക്നോളജി.

•വിശദവിവരങ്ങൾ www.kufos.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും.
കോഴിക്കോട് IIMK: സോഫ്റ്റ് വെയർ ഡവലപ്പർ

## കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ സോഫ്റ്റ്‌വെയർ ഡവലപ്പറുടെ ഒരു ഒഴിവ്.

•കരാർ നിയമനം.
➢**ഏപ്രിൽ 16 വരെ ഓൺ ലൈനായി അപേക്ഷിക്കാം.**
•യോഗ്യത ഉൾപ്പെടെ കൂടുതൽ വിവരങ്ങൾക്ക് www.iimk.ac.in

## GCDA: 3 ഒഴിവ്

•ഗ്രേറ്റർ കൊച്ചിൻ ഡവലപ്മെൻറ് അതോറിറ്റിയിൽ ക്ലാർക്ക്, കംപ്യൂട്ടർ അസിസ്റ്റൻറ്, മെസഞ്ചർ/ പ്യൂൺ തസ്തികകളിൽ ഓരോ ഒഴിവു വീതം.
•ഒരു വർഷ കരാർ നിയമനം.
➢**ഏപ്രിൽ 16 വരെ അപേക്ഷിക്കാം.**
•കൂടുതൽ വിവരങ്ങൾക്ക് http://gcda.kerala.gov.in

## NIT കോഴിക്കോട്: അസിസ്റ്റന്റ്/ എൻജിനീയർ

•കോഴിക്കോട് നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ കരാർ ഒഴിവുകൾ.
➢**ഏപ്രിൽ 15 വരെ അപേക്ഷിക്കാം.**
•**തസ്തികകൾ:** അസിസ്റ്റന്റ് (അഡ്മിനിസ്ട്രേഷൻ), അസിസ്റ്റന്റ് (ടെക്നിക്കൽ), സപ്പോർട്ട് എൻജിനീയർ (സിവിൽ/ഇലക്ട്രിക്കൽ), അസിസ്റ്റന്റ് (ഇലക്ട്രീഷ്യൻ, പ്ലംബർ, കാർപെന്റർ, മേസൺ, ഹെൽപ്പർ).
•കൂടുതൽ വിവരങ്ങൾക്ക് www.nitc. ac.in

## യുപി ജുഡീഷ്യൽ സർവീസിൽ 83 ഒഴിവ്

•ഉത്തർപ്രദേശ് ഹയർ ജുഡീഷ്യൽ സർവീസ് 2023 ലേക്ക് അലഹബാദ് ഹൈക്കോടതി അപേക്ഷ ക്ഷണിച്ചു.
•83 ഒഴിവുണ്ട്. നേരിട്ടുള്ള നിയമനമാണ്.
➢**ഏപ്രിൽ 30 വരെ ഓൺ ലൈനായി അപേക്ഷിക്കാം.**
•**യോഗ്യത:** അഡ്വക്കറ്റായി ഏഴു വർഷ ത്തിൽ കുറയാതെ തുടർച്ചയായി പ്രാക്ടീസ് ചെയ്യുന്നവരാകണം.
•**പ്രായം:** 35–45.
•**ശമ്പളം:** ₹1,44,840–₹1,94,660.
•കൂടുതൽ വിവരങ്ങൾക്ക് www.allahabadhighcourt.in

## ✹ മത്സരപ്പരീക്ഷാ പരിശീലകർ ✹

ആലുവ ഗവ. പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററിൽ വിവിധ പി.എസ്.സി. /യു.പി.എസ്.സി. പരീക്ഷകൾക്കു പരിശീലനം നൽകാനുള്ള അധ്യാപക പാനലിലേക്ക് അപേക്ഷിക്കാം.

•ഒരു വർഷമാണ് പാനലിൻറെ കാലാവധി. 3വർഷം വരെ നീട്ടിക്കിട്ടാം.

➢**ഏപ്രിൽ 12 വരെ അപേക്ഷിക്കാം**

•**വിഷയങ്ങൾ:** ഇംഗ്ലീഷ്, കണക്ക്, മലയാളം, ബയോളജി, ഫിസിക്സ്, കെമിസ്ട്രി, ചരിത്രം, ജ്യോഗ്രഫി, ഇക്കണോമിക്സ്, ഇന്ത്യൻ ഭരണഘടന, ഇൻഫർമേഷൻ ടെക്നോളജി, സൈബർ ലോ, സൈക്കോളജി, പൊതു വിജ്ഞാനം, ആനുകാലിക വിഷയങ്ങൾ, ആർട്സ്, സ്പോർട്സ്, സാഹിത്യം.

•**യോഗ്യത:** ബിരുദാനന്തരബിരുദവും ബന്ധപ്പെട്ട വിഷയങ്ങളിൽ ൨ വർഷ അധ്യാപന പരിചയവും.

•**പ്രായം:** 45ൽ താഴെ.

•**ശമ്പളം:** മണിക്കൂറിൽ ₹500.

•**വിലാസം:** പ്രിൻസിപ്പൽ, ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്റർ, സബ് ജയിൽ റോഡ്, ആലുവ - 683 101; 0484-2623304.

## ✹ DRDO: 60 ഐ.ടി.ഐ. അപ്രന്റിസ് ✹

കേന്ദ്ര പ്രതിരോധ വകുപ്പിൽ ഡിഫൻസ് റിസർച് ആൻഡ് ഡവലപ്മെന്റ് ഓർഗനൈസേഷനു കീഴിൽ കോമ്പാറ്റ് വെഹിക്കിൾസ് റിസർച് ആൻഡ് ഡവലപ്മെന്റ് എസ്റ്റാബ്ലിഷ്മെൻറിൽ 60 ഐ.ടി.ഐ. അപ്രന്റിസ് ഒഴിവ്.

➢**ഏപ്രിൽ 12നകം ഓൺ ലൈനായി അപേക്ഷിക്കണം**

•**ട്രേഡുകൾ:** കാർപെൻറർ, കംപ്യൂട്ടർ ഓപ്പ റേറ്റർ ആൻഡ് പ്രോഗ്രാമിങ് അസിസ്റ്റന്റ്, ഡ്രാഫ്റ്റ്സ്മാൻ മെക്കാനിക്, ഇലക്ട്രിഷ്യൻ, ഇല ക്ട്രോണിക്സ്, ഫിറ്റർ, മെഷിനിസ്റ്റ്, മെക്കാനിക്, ടർണർ, വെൽഡർ.

•**യോഗ്യത:** ബന്ധപ്പെട്ട ട്രേഡിൽ എൻ.സി.വി.ടി. അംഗീകൃത ഐ.ടി.ഐ. യോഗ്യത.

•**പ്രായം:** 18-27. അർഹർക്ക് ഇളവ്.

•ഒരുവർഷ പരിശീലനം.

•സ്റ്റൈപൻഡ്- ₹8050. (കംപ്യൂട്ടർ ഓപ്പറേറ്റർ ആൻഡ് പ്രോഗ്രാമിങ് അസിസ്റ്റന്റ്, കാർപെന്റർ, വെൽഡർ ട്രേഡിൽ ₹7700).

•കൂടുതൽ വിവരങ്ങൾക്ക്: https://drdo.gov.in

## ✹ റിമോട്ട് സെൻസിങ് സെൻററിൽ 71 ഒഴിവ് ✹

ഐ.എസ്.ആർ.ഒ.യ്ക്കു കീഴിൽ ഹൈദരാബാദിലെ നാഷനൽ റിമോട്ട് സെൻസിങ് സെന്ററിൽ 71 ഒഴിവ്. താൽക്കാലിക നിയമനം.

➢**ഏപ്രിൽ 8 വരെ ഓൺലൈനായി അപേക്ഷിക്കാം**

•തസ്തികകളും ഒഴിവും: ജൂനിയർ റിസർച് ഫെലോ (27), റിസർച് സയന്റിസ്റ്റ് (20), പ്രോജക്ട് അസോഷ്യേറ്റ് II (12), പ്രോജക്ട് സയന്റിസ്റ്റ് I (6), പ്രോജക്ട് സയന്റിസ്റ്റ് ബി (4), പ്രോജക്ട് അസോഷ്യേറ്റ് I (2).

•യോഗ്യത ഉൾപ്പെടെ വിശദവിവരങ്ങൾ www.nrsc.gov.in ൽ പ്രസിദ്ധീകരിക്കും.

## ✹ ഫാർമ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്: 78 ഒഴിവ് ✹

ഗുവാഹത്തിയിലെ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസ്യൂട്ടിക്കൽ എജ്യുക്കേഷൻ ആൻഡ് റിസർച്ചിൽ ടീച്ചിങ്, നോൺ-ടീച്ചിങ് തസ്തികകളിലായി 78 ഒഴിവ്.

•നേരിട്ടുള്ള നിയമനം.

➢**ഏപ്രിൽ 17 വരെ ഓൺലൈനായി അപേക്ഷിക്കാം.**

•**ഒഴിവുള്ള തസ്തികകൾ:** പ്രഫസർ (മെഡിസിനൽ കെമിസ്ട്രി, ബയോടെക്നോ ളജി), അസിസ്റ്റന്റ് പ്രഫസർ (ബയോഫാർമ സ്യൂട്ടിക്കൽസ്, ബയോടെക്നോളജി, ഫാർ മസി പ്രാക്ടീസ്), സയൻറിസ്റ്റ്/ടെക്നിക്കൽ സൂപ്പർവൈസർ ഗ്രേഡ്-I, അസിസ്റ്റന്റ് ഗ്രേഡ്-II (അഡ്മിനിസ്ട്രേഷൻ).

•**കൂടുതൽ വിവരങ്ങൾക്ക്:** www.niperguwahati.ac.in

## ✹ DSSSB: 142 ഒഴിവ് ✹

ഡൽഹിയിലെ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതികളിലുള്ള ഒഴിവുകളിലേക്ക് ഡൽഹി സബോർ ഡിനേറ്റ് സർവീസസ് സെലക്ഷൻ ബോർഡ് അപേക്ഷ ക്ഷണിച്ചു.

•142 ഒഴിവുണ്ട്.

•07/2024, 08/2024 എന്നീ നമ്പറുകളിലാണ് വിജ്ഞാപനം.

### പ്യൂൺ/ഓർഡർലി/ഡാക് പ്യൂൺ:

•**ഒഴിവ്**-99.

•**യോഗ്യത:** പത്താംക്ലാസ്/ തത്തുല്യം.

•**പ്രായം:** 18-27

•**ശമ്പളം:** 21700-69100 രൂപ

### ഡ്രൈവർ / സ്റ്റാഫ് കാർ ഡ്രൈവർ:

•**ഒഴിവ്**-12

•**യോഗ്യത:** പത്താംക്ലാസ്/ തത്തുല്യവും എൽ.എം.വി. ലൈസൻസും രണ്ട് വർഷത്തെ പ്രവൃത്തിപരിചയവും

•**ശമ്പളം:** ₹25,500-₹81,100

•**പ്രായം:** 18-27.

### മറ്റ് തസ്തികകളും ഒഴിവും:

•പ്രോസസ് സെർവർ -3,

•ബുക്ക് ബൈൻഡർ-1,

•ഡേറ്റാ എൻട്രി ഓപ്പറേറ്റർ-2,

•സ്വീപ്പർ/സഹായ് കർമചാരി-12,

•ചൗക്കിദാർ-13.

തിരഞ്ഞെടുപ്പിനായി ഒബ്ജക്ടീവ് ടൈപ്പ്, മൾട്ടിപ്പിൾ ചോയ്സ് പരിക്ഷയുണ്ടാവും. ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ പൊതുവിജ്ഞാനം എന്നിവയെ ആസ്പദമാക്കിയായിരിക്കും ചോദ്യങ്ങൾ. ഡൽഹിയിലായിരിക്കും പരീക്ഷ നടക്കുക.

•**അപേക്ഷാഫീസ്:** വനിതകൾക്കും എസ്.സി, എസ്.ടി. വിഭാഗക്കാർക്കും ഭിന്നശേഷിക്കാർക്കും വിമുക്തഭടന്മാർക്കും ഫീസ് ഇല്ല. മറ്റുള്ളവർ 100 രൂപ ഓൺലൈനായി അടയ്ക്കണം.

•**അപേക്ഷ:** ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്.

•വിശദവിവരങ്ങൾക്ക് http://dsssb.delhi.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.
•മാർച്ച് 20 മുതൽ അപേക്ഷിക്കാം.
➢**അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: ഏപ്രിൽ 18.**

## ✸ ഹൈക്കോടതിയിൽ 45 അസിസ്റ്റന്റ് ✸

•കേരള ഹൈക്കോടതി യിൽ 45 അസിസ്റ്റന്റ് ഒഴിവിൽ ഇന്നുമുതൽ മേയ് 2 വരെ അപേക്ഷിക്കാം.
• 4 ഒഴിവുകളിൽ ഭിന്നശേഷിക്കാർക്കുള്ള സ്പെഷൽ റിക്രൂട്ട്മെന്റാണ്. മറ്റ് 41 ഒഴിവുകളിൽ നേരിട്ടുള്ള നിയമനം

•**യോഗ്യത:** 50% മാർക്കോടെ ബിരുദം (പട്ടികവിഭാഗക്കാർക്കു മാർക്ക് പരിധി ബാധകമല്ല). അല്ലെങ്കിൽ പി.ജി. അല്ലെങ്കിൽ നിയമബിരുദം. കംപ്യൂട്ടർ പരിജ്ഞാനം അഭിലഷണീയം)

•**പ്രായം:** 02.01.1988–01.01.2006 കാലയളവിൽ ജനിച്ചവരാകണം. അർഹർക്ക് ഇളവ്.

(02.01.1984–01.01.2006 കാലയളവിൽ ജനിച്ച, അസിസ്റ്റന്റ് തസ്തികയുടെ പേ സ്കെയിലിനു താഴെ ജോലി ചെയ്യുന്ന ഹൈക്കോടതി ജീവനക്കാർക്കും അപേക്ഷിക്കാം.)

•**ശമ്പളം:** ₹39,300–₹83,000

•**തിരഞ്ഞെടുപ്പ്:** ഒബ്ജക്ടീവ് ടെസ്റ്റ്, ഡിസ്ക്രിപ്റ്റീവ് ടെസ്റ്റ്, ഇന്റർവ്യൂ എന്നിവ മുഖേന. ജനറൽ ഇംഗ്ലിഷ്, ജനറൽ നോളജ്, ബേസിക് മാത്തമാറ്റിക്സ് ആൻഡ് റീസണിങ് വിഷയങ്ങൾ ഉൾപ്പെടുന്നതാണ് ഒബ്ജക്ടീവ് ടെസ്റ്റ്. 3 വിഭാഗങ്ങളിലുമായി 75 മിനിറ്റ് പരീക്ഷ. 100 മാർക്കിന്റെ ചോദ്യങ്ങളുണ്ടാകും. നെഗറ്റീവ് മാർക്കുണ്ട്, ഡിസ്ക്രിപ്റ്റീവ് ടെസ്റ്റ് 60 മാർക്കിന്റെയും ഇന്റർവ്യൂ 10 മാർക്കിന്റേതുമാണ്. ഒബ്ജക്ടീവ് ടെസ്റ്റിൽ 40% മാർക്കും ഇന്റർവ്യൂവിനു 35% മാർക്കും നേടുന്നവരെയാണു റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുക.
•**പരീക്ഷാ മാധ്യമം:** ഇംഗ്ലിഷ്.

•**ഫീസ്:** 500 രൂപ. പട്ടികവിഭാഗക്കാരും തൊഴിൽരഹിതരായ ഭിന്നശേഷിക്കാരും ഫീസ് അടയ്ക്കേണ്ട. ഓൺലൈനായും സിസ്റ്റം ജനറേറ്റഡ് ഫീ പേയ്മെന്റ് ചലാനായും ഫീസടയ്ക്കാം.
•വിശദവിവരങ്ങൾക്ക് www.hckrecruitment.keralacourts.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

## ✸ കിഫ്ബിയിൽ അവസരം ✸

കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെ സ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ (കിഫ്ബി) സസ്റ്റെനബിലിറ്റി എക്സ്പേർട്ടിൻ്റെ (എൻവയോൺ മെൻ്റ്) ഒരൊഴിവിലേക്ക് അപേക്ഷി ക്കാം. കരാർ അടിസ്ഥാനത്തിലാ ണ് നിയമനം. സി.എം.ഡി.യാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്.
•**ശമ്പളം:** 50000 രൂപ
•**യോഗ്യത:** എൻവയോൺമെൻ്റൽ സയൻസ്/ എൻജിനീയറിങ്/ അനുബന്ധമേലയിൽ ബാച്ചിലർ/ മാസ്റ്റേഴ്സ് ബിരുദം. 3–7 വർഷ പ്രവൃത്തിപരിചയം.
•**പ്രായം :** 35 കവിയരുത്.
•**അപേക്ഷ:** സി.എം.ഡി.യുടെ വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിക്കണം.
➢**അവസാന തീയതി: ഏപ്രിൽ 7 (5 PM).**
•വെബ്സൈറ്റ്: www.cmd.kerala. gov.in

## ✹ ബാങ്ക് ഓഫ് ഇന്ത്യയിൽ 143 ഓഫീസർ ✹

•എം.ബി.എ., എൽ.എൽ.ബി., ബി.ടെക് യോഗ്യതയുള്ളവർക്ക് അവസരം

മുംബൈ ആസ്ഥാനമായുള്ള പൊതുമേഖലാബാങ്കായ ബാങ്ക് ഓഫ് ഇന്ത്യയിൽ ഓഫീസർമാരുടെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. 143 ഒഴിവുണ്ട്. എം.എം.ജി.എസ്.-II, എം.എം.ജി.എസ്.-III, എസ്.എം.ജി. എസ്-IV ഗ്രേഡുകളിലുള്ള തസ്തികകളിലാണ് അവസരം.

### ക്രെഡിറ്റ് ഓഫീസർ (എം.എം.ജി. എസ്.-II):

•**ഒഴിവ്:** 25
•**യോഗ്യത:** കുറഞ്ഞത് 60 ശതമാനം മാർക്കോടെയുള്ള ബിരുദവും ഫിനാൻസ്/ ബാങ്കിങ് ആൻഡ് ഫിനാൻസിൽ സ്പെഷ്യലൈസേഷനോടെയുള്ള എം.ബി.എ./പി.ജി.ഡി.ബി.എം./പി.ജി.ഡി.എം./പി.ജി.ഡി.ബി.എ./കൊമേഴ്സിലോ സയൻസിലോ ഇക്കണോമിക്സിലോ ബിരുദാനന്തര ബിരുദം. 5 അല്ലെങ്കിൽ, സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ്. അപേക്ഷകർ - ഡിഗ്രി തലത്തിലോ അതിനുശേ ഷമോ കംപ്യൂട്ടർ/ഐ.ടി./അനുബന്ധവിഷയം പഠിച്ചവരോ കുറഞ്ഞത് മൂന്നുമാസം ദൈർഘ്യമുള്ള കോഴ്സ് സർട്ടിഫിക്കറ്റ് നേടിയവരോ ആയിരിക്കണം. രണ്ടുവർഷത്തെ പ്രവൃത്തിപരിചയം വേണം.
**പ്രായം:** 23-35 വയസ്സ്.

### ലോ ഓഫീസർ (എം.എം.ജി. എസ്.-III):

•**ഒഴിവ്:**31.
•**യോഗ്യത:** നിയമത്തിൽ ഫുൾ ടൈം റെഗുലർ ത്രിവത്സര/പഞ്ചവത്സര ബിരുദവും ആറുവർഷത്തെ പ്രവൃത്തിപരിചയവും.
•**പ്രായം:** 25-35 വയസ്സ്.

### ലോ ഓഫീസർ (എം.എം.ജി. എസ്.-II):

•**ഒഴിവ്:** 25.
•**യോഗ്യത:** നിയമത്തിൽ ഫുൾ ടൈം റെഗുലർ ത്രിവത്സര/പഞ്ചവത്സര ബിരുദവും നാലുവർഷത്തെ പ്രവൃത്തിപരിചയവും.\
•**പ്രായം:** 25-32 വയസ്സ്.

### സീനിയർ മാനേജർ-ഐ.ടി. (എം.എം.ജി.എസ്.-III):

•**ഒഴിവ്:** 35.
•**യോഗ്യത:** ബി.ഇ/ബി.ടെക്/എം.സി.എ./മാസ്റ്റേഴ്സ് ബിരുദം (വിഷയങ്ങൾ സംബന്ധിച്ച വിവരങ്ങൾ വിജ്ഞാപനത്തിൽ). അഞ്ചുവർഷത്തെ പ്രവൃത്തിപരിചയം വേണം.
•**പ്രായം:** 28-37 വയസ്സ്.

### മറ്റ് തസ്തികകളും ഒഴിവും:

ചീഫ് മാനേജർ-ഇക്കണോമിസ്റ്റ്-1, ചീഫ് മാനേജർ-ഐ.ടി.-7 (ഡേറ്റാബേസ് അഡ്മിനിസ്ട്രേറ്റർ-2, ക്ലൗഡ് ഓപ്പറേഷൻ-1, നെറ്റ്വർക്ക്-1 സിസ്റ്റം-1, ഇൻഫ്രാ-1, ഇൻഫോസെക്യൂരിറ്റി-1, ചീഫ് മാനേജർ-മാർക്കറ്റിങ്-1, ഡേറ്റാ സയന്റിസ്റ്റ്-2,

എം.എൽ. ഓപ്സ് ഫുൾസ്റ്റാക്ക് ഡിവലപ്പർ–2, ഡേറ്റാബേസ് അഡ്മിനിസ്ട്രേറ്റർ–2, ഡേറ്റാ ക്വാളിറ്റി ഡിവലപ്പർ–2, ഡേറ്റാ ഗവേണൻസ് എക്സ്പേർട്ട്–2, പ്ലാറ്റ്ഫോം എൻജിനീയറിങ് എക്സ്പേർട്ട്–2, ലിനക്സ് അഡ്മിനിസ്ട്രേറ്റർ–2, ഒറാക്കിൾ എക്സാഡേറ്റാ അഡ്മിനിസ്ട്രേറ്റർ–2. ഇക്കണോമിസ്റ്റ് –1, ടെക്നിക്കൽ അനലിസ്റ്റ്–1.

•സംവരണവിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവ് ലഭിക്കും.

•ഓൺലൈൻ – പരീക്ഷ/അഭിമുഖം നടത്തിയാവും തിരഞ്ഞെടുപ്പ്.

•പരീക്ഷയ്ക്ക് തിരുവനന്തപുരത്തും കേന്ദ്രമുണ്ടാവും.

•**അപേക്ഷാഫീസ്:** എസ്.സി., എസ്.ടി., ഭിന്നശേഷി വിഭാഗക്കാർക്ക് 175 രൂപ. മറ്റുള്ളവർക്ക് 850 രൂപ.

•വിശദവിവരങ്ങൾക്ക് https://bankofindia.co.in വെബ്സൈറ്റ് സന്ദർശിക്കുക. ഇതേ വെബ്സൈറ്റ് വഴി ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്.

➢**അവസാന തീയതി: ഏപ്രിൽ 10.**

**WEBSITE:** https://bankofindia.co.in

# പൊതുവിജ്ഞാനം

1. ജമ്മു കശ്മീരിനു പ്രത്യേക പദവി നൽകിയിരുന്ന ഭര ണഘടനാ അനുച്ഛേദം?

   **Ans: അനുച്ഛേദം 370**

2. ജമ്മു കശ്മീർ പുനഃസംഘടനാ ബിൽ രാജ്യസഭ പാസാക്കിയതെന്ന് ?

   **Ans: 2019 ഓഗസ്റ്റ് 5**

3. ജമ്മു കശ്മീർ പുനഃസംഘടനാ ബിൽ ലോക്സഭ പാസാക്കിയതെന്ന് ?

   **Ans: 2019 ഓഗസ്റ്റ് 6**

4. ജമ്മു കശ്മീർ പുനഃസംഘടനാ ബിൽ 2019 പാർലമെ ന്റിൽ അവതരിപ്പിച്ച കേന്ദ്ര ആഭ്യന്തര മന്ത്രി ?

   **Ans : അമിത് ഷാ**

5. ജമ്മു കശ്മീർ പുനഃസംഘടനാ ബിൽ രാഷ്ട്രപതി ഒപ്പുവച്ച തീയതി?

   **Ans : 2019 ഓഗസ്റ്റ് 9**

6. ജമ്മു കശ്മീർ പുനഃസംഘടനാ നിയമം നിലവിൽ വന്ന ദിവസം?

   **Ans: 2019 ഒക്ടോബർ** 31

7. ജമ്മു കശ്മീർ പുനഃസംഘടനാ നിയമപ്രകാരം റദ്ദാ ക്കിയ ആർട്ടിക്കിളുകൾ?

   **Ans: 35 A , 370**

8. ജമ്മു കശ്മീരിൻറെ പുനഃസംഘടനാ നിയമത്തിനുശേ ഷം നിലവിൽ വന്ന കേന്ദ്രഭരണ പ്രദേശങ്ങൾ?

   **Ans: ജമ്മു കശ്മീർ, ലഡാക്ക്**

9. ഇന്ത്യയിലെ ഏറ്റവും വലിയ കേന്ദ്രഭരണ പ്രദേശം?

   **Ans: ലഡാക്ക്?**

10. ദാദ്ര ആൻഡ് നഗർ ഹവേലി, ദാമൻ ആൻഡ് ദിയു ഏകീകരണ ബിൽ ലോക്സഭ പാസാക്കിയതെന്ന്?

**Ans: 2019 നവംബർ 27**

11. ദാദ്ര ആൻഡ് നഗർ ഹവേലി, ദാമൻ ആൻഡ് ദിയു ഏകീകരണ ബിൽ രാജ്യസഭ പാസാക്കിയ ദിവസം?

**Ans: 2019 ഡിസംബർ 3**

12. ദാദ്ര ആൻഡ് നഗർ ഹവേലി, ദാമൻ ആൻഡ് ദിയു ഏകീകരണ ബിൽ രാഷ്ട്രപതി ഒപ്പുവച്ച തീയതി?

**Ans: 2019 ഡിസംബർ 9**

13. ദാദ്ര ആൻഡ് നഗർ ഹവേലി, ദാമൻ ആൻഡ് ദിയു ഏകീകരിച്ച പുതിയ കേന്ദ്രഭരണപ്രദേശം നിലവിൽ വന്ന ദിവസം?

**Ans : 2020 ജനുവരി 26**

14. ദാദ്ര ആൻഡ് നഗർ ഹവേലി, ദാമൻ ആൻഡ് ദിയുവിൻറെ തലസ്ഥാനം?

**Ans: ദാമൻ**

15. ദാദ്ര ആൻഡ് നഗർ ഹവേലി, ദാമൻ ആൻഡ് ദിയുവി ൻ്റെ ഹൈക്കോടതി? \

**Ans: ബോംബെ ഹൈക്കോടതി**

16. ഇന്ത്യയിൽ നിലവിലുള്ള കേന്ദ്രഭരണ പ്രദേശങ്ങളുടെ എണ്ണം?

**Ans:** 8

17. ജമ്മു കശ്മീർ, ലഡാക്ക് എന്നീ കേന്ദ്രഭരണ പ്രദേശങ്ങളുടെ പൊതു ഹൈക്കോടതി?

**Ans: ജമ്മു കശ്മീർ ആൻഡ് ലഡാക്ക് ഹൈക്കോടതി**

18. പ്ലാനിങ് കമ്മിഷനു പകരം നിലവിൽ വന്ന നിതി ആയോഗിൻറെ ആദ്യ അധ്യക്ഷൻ?

**Ans: നരേന്ദ്ര മോദി**

19. പ്രധാനമന്ത്രി പദത്തിലെത്തിയ ആദ്യ ന്യൂനപക്ഷ സമുദായാംഗം?

**Ans: മൻമോഹൻ സിങ്**

20. 'സ്ക്രാപ്പ് ബുക്ക് ഓഫ് ദ് പ്രൈം മിനിസ്റ്റർ' എന്ന കൃതി ആരുടേതാണ്?

**Ans: ഐ.കെ.ഗുജ്റാൾ**

21. ഇന്ത്യയുടെ ആദ്യ ആക്ടിങ് പ്രധാനമന്ത്രി?

**Ans: ഗുൽസാരിലാൽ നന്ദ**

22. ജീവിതത്തിൽ ഒരിക്കൽ പോലും കോൺഗ്രസുകാര നായിട്ടില്ലാത്ത ആദ്യ പ്രധാനമന്ത്രി?

**Ans: എ.ബി.വാജ്പേയ്**

23. 'ഇന്ത്യൻ സാമ്പത്തിക പരിഷ്കാരങ്ങളുടെ പിതാവ്' എന്നറിയപ്പെടുന്ന പ്രധാനമന്ത്രി?

**Ans: പി.വി.നരസിംഹറാവു**

24. സ്വാതന്ത്ര്യ ദിനത്തിൽ ചെങ്കോട്ടയിൽ പതാക ഉയർ ത്താൻ അവസരം ലഭിക്കാതെ പോയ പ്രധാനമന്ത്രി?

**Ans: എസ്.ചന്ദ്രശേഖർ**

25. അവിശ്വാസപ്രമേയത്തെ തുടർന്നു രാജിവച്ച ആദ്യ പ്ര ധാനമന്ത്രി?

**Ans: വി.പി.സിങ്**

## ഏപ്രിൽ മാസത്തിലെ പ്രധാന ദിവസങ്ങൾ

- ഏപ്രിൽ 1 World Mental Day, ലോക വിഡ്ഢിദിനം
- ഏപ്രിൽ 2 – ലോക ബാലപുസ്തകദിനം
- ഏപ്രിൽ 2 – ലോക ഓട്ടിസം ബോധവൽക്കരണ ദിനം
- ഏപ്രിൽ 2 – ലോക മൈൻ അവയർനസ്സ് & മൈൻ വിരുദ്ധപ്രവൃത്തി ദിനം
- ഏപ്രിൽ 5 – ലോക കപ്പലോട്ട ദിനം
- ഏപ്രിൽ 6 – ഉപ്പുസത്യാഗ്രഹ ദിനം
- ഏപ്രിൽ 7 – ലോകാരോഗ്യദിനം
- ഏപ്രിൽ 10 – ഹോമിയോപ്പതി ദിനം
- ഏപ്രിൽ 12 – അന്തർദ്ദേശീയ വ്യോമയാന ദിനം
- ഏപ്രിൽ 13 – ജാലിയൻ വാലാബാഗ് ദിനം
- ഏപ്രിൽ 14 – അംബേദ്കർ ദിനം (ദേശീയ ജല ദിനം)
- ഏപ്രിൽ 15 – ലോക ഗ്രന്ഥശാലാധികാരി ദിനം
- ഏപ്രിൽ 17 – ലോക ഹീമോഫീലിയ ദിനം
- ഏപ്രിൽ 18 – ലോക പൈതൃകദിനം
- ഏപ്രിൽ 21 – ലോക സോക്രട്ടീസ് ദിനം
- ഏപ്രിൽ 22 – ലോകഭൗമദിനം
- ഏപ്രിൽ 23 – ലോക പുസ്തക ദിനം
- ഏപ്രിൽ 24 – ദേശീയ മാനവ ഏകതാദിനം
- ഏപ്രിൽ 24 – ദേശീയ പഞ്ചായത്ത് രാജ് ദിനം
- ഏപ്രിൽ 25 – ലോക മലേറിയ ദിനം
- ഏപ്രിൽ 26 – ബൗദ്ധിക സ്വത്തവകാശ ദിനം
- ഏപ്രിൽ 29 – ലോക നൃത്തദിനം



Published by

# UNIVERSITY EMPLOYMENT INFORMATION AND GUIDANCE BUREAU

MAHATMA GANDHI UNIVERSITY, KOTTAYAM
Phone: 0481-2731025, E-Mail: ugbktm.emp.lbr@kerala.gov.in